(സി) സംസ്ഥാനതല ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റി നാളിതുവരെ എത്ര തവണ യോഗം ചേർന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) വയനാട് ജില്ലയിലെ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റി നാളിതുവരെ എത്രതവണ യോഗം ചേർന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 14-12-2010-ലാണ് രൂപീകരിച്ചത്.

(ബി) സംസ്ഥാനതലത്തിൽ പൊതുമരാമത്ത് വകുപ്പുമന്ത്രി ചെയർമാനും പൊതുമരാമത്തുവകുപ്പ് സെക്രട്ടറി കൺവീനറും ധനകാര്യ വകുപ്പുമന്ത്രി, റവന്യൂ വകുപ്പുമന്ത്രി ജലവിഭവ വകുപ്പുമന്ത്രി, ഗതാഗത വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, ധനകാര്യവകുപ്പ് സെക്രട്ടറി, റവന്യൂവകുപ്പ് സെക്രട്ടറി, റോഡ് വിഭാഗം ചീഫ് എഞ്ചിനീയർ എന്നിവർ അംഗങ്ങളായും ജില്ലാതലത്തിൽ ജില്ലകളുടെ ചാർജ്ജുള്ള മന്ത്രിമാർ ചെയർമാനും ജില്ലാ കളക്ടർ കൺവീനറും ജില്ലയിലെ എം.എൽ.എ.-മാർ, റോഡ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർ അംഗങ്ങളായും ആണ് ക്രൈസിസ് മാനേജ്മെന്റ് സമിതികൾ രൂപീകരിച്ചിട്ടുള്ളത്. റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും മേൽനോട്ടവും നൽകുന്നതിനാണ് പ്രസ്തുത സമിതികൾ രൂപീകരിച്ചിട്ടുള്ളത്.

(സി) ഒരു തവണ യോഗം ചേർന്നിരുന്നു.

(ഡി) രണ്ടുതവണ യോഗം ചേർന്നിട്ടുണ്ട്.

ശബരിമല പ്രത്യേക റോഡ് വികസന പദ്ധതി

213 (663) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല പ്രത്യേക റോഡ് വികസനപദ്ധതിയിൽ ഉൾപ്പെടുത്തി പത്തനംതിട്ട ജില്ലയിൽ ഏതൊക്കെ റോഡുകളാണ് വികസിപ്പിക്കുന്നത് ;

(ബി) തിരുവല്ലയിൽനിന്നും കുമ്പഴയിലേക്കുള്ള സംസ്ഥാന ഹൈവേ നമ്പർ 7 (റ്റി. കെ. റോഡ്) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത് ?

ഉത്തരം

(എ) രണ്ട് റോഡുകൾ :

1. കണമല-ഇലവുങ്കൽ റോഡ്
2. മണ്ണാറക്കുളഞ്ഞി-പമ്പ റോഡ്

LIBRARY ARCHIVES Kerala Legislative Assembly

(ബി) (റ്റി. കെ. റോഡ്) ഹൈവേ നമ്പർ 7 പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) ബാധകമല്ല.

മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്താൻ നൽകിയ അപേക്ഷയുടെ പുരോഗതി

214 (664) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തിയ പെരിങ്ങളം നിയോജക മണ്ഡലത്തിലെ റോഡുകളുടെ പ്രവൃത്തി പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പൊതുമരാമത്ത് റോഡുകളുടെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(സി) പെരിങ്ങളം നിയോജകമണ്ഡലത്തിലെ പാനൂർ ഠൗൺ അഭിവൃദ്ധിപ്പെടുത്തൽ, കതിരൂർ-നാദാപുരം റോഡിൽ പാനൂർ-ചെറ്റക്കണ്ടി റോഡ്, പുക്കോം-ചൊക്ലി രജിസ്ട്രാഫീസ് റോഡ്, കീഴ്മാടം-കപ്പിക്കണ്ടി റോഡ്, കണ്ണവം-കണ്ണങ്കോട് റോഡിൽ കല്ലുവളപ്പ്-ചെറുവാഞ്ചേരി റോഡുകൾ എന്നിവയുടെ പുനരുദ്ധാരണം നടത്താൻ നൽകിയ അപേക്ഷയിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണം എപ്പോൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണം കാലതാമസം ഒഴിവാക്കി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി-ഇ) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണപ്രവൃത്തികൾക്കായി ആകെ 770 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റുകൾ, മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനായി സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു. ആയത് പൂർത്തിയാക്കി ഭരണാനുമതി നൽകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

പെരിങ്ങളം നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

215 (665) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly